



# മലയാള കവികളുടെ ക്രാന്തദർശന സാക്ഷാത്കാരം





ഡോ.എം.വി. പിള്ള

ലോകകേരളസഭ എന്ന മനോഹരമായ സങ്കല്പം കേരളക്കരയുടെ അതിർത്തി രേഖകൾ അട്ടിമറിക്കുന്നു. എവിടെ മലയാളി സ്ഥിരതാമസമുണ്ടോ അവിടമൊക്കെ കേരളത്തിന്റെ കർമഭൂമികയുടെ ഭാഗമാണെന്ന വിശ്വാസം അനന്തസാധ്യതകളുടെ അപൂർവമേഖലകൾ തുറക്കുന്നു.

ആറുപതിറ്റാണ്ടുകൾക്കു മുമ്പ് മഹാകവി പാലാ ദീർഘദർശനത്തോടെ "കേരളം വളരുന്നു" എന്ന കവിത എഴുതുമ്പോൾ ഭാഷാടിസ്ഥാനത്തിൽ സ്ഥാപിച്ച കേരളം എന്നൊരു സംസ്ഥാനം നിലവിൽ വന്നിട്ടു പോലുമുണ്ടായിരുന്നില്ല. തിരുവിതാംകൂറിനെയും കൊച്ചിയെയും മലബാറിനെയും സംയോജിപ്പിച്ച കേരളം സ്വപ്നം കണ്ട കവിയുടെ സർഗ്ഗദീപ്തിയിൽ തിളങ്ങിനിൽക്കുന്ന മറ്റു ചില സവിശേഷതകളും കാലാതിവർത്തിയായി നിലകൊള്ളുന്നു.

മലയാളികൾ ജോലിതേടി ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലേക്കു നീങ്ങിതുടങ്ങിയ കാലത്ത് "പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ തമ്പടിക്കുന്ന കാര്യമാണ് കവി പ്രവചിക്കുന്നത്. 1940 കളിൽ കുടിയേറ്റത്തിനു മലയാളി തിരഞ്ഞെടുത്ത മലേഷ്യയും സിലോണുമൊക്കെ മാറ്റി നിർത്തി "അറബിക്കടലിനും തൻ തിരക്കൈ കൊണ്ടതിന്നതിരട്ടൊരുക്ക വാനായതില്ലിന്നോളവും..." എന്നു ദീർഘദർശനം ചെയ്യാൻ ഒരു മഹാകവിക്കു മാത്രമേ സാധ്യമാകൂ.

കേരളത്തിലെ ഇന്നത്തെ സമ്പദ്സമൃദ്ധിയ്ക്കു നിദാനം നയമറിയുന്ന മലയാളി അയൽപക്കത്തെ ഗൾഫ് നാടുകളിൽ അതിപ്രയത്നം ചെയ്തു നേടിയെടുക്കുന്നത് കവിയും ദാർശനികനുമായ ശ്രീനാരായണ ഗുരു ദേവൻ കാലേക്കൂട്ടി തിരിച്ചറിഞ്ഞിരിക്കണം: "അയലുതഴപ്പതിനതിപ്രയത്നം നയമറിയും നരനാചരിച്ചിടേണം..." എന്ന ഗുരുവചനങ്ങൾ എത്ര അർഥസാന്ദ്രമായി തീർന്നിരിക്കുന്നു!

ലോകകേരളസഭ എന്ന മനോഹരമായ സങ്കല്പം കേരളക്കരയുടെ അതിർത്തി രേഖകൾ അട്ടിമറിക്കുന്നു. എവിടെ മലയാളി സ്ഥിരതാമസമുണ്ടോ അവിടമൊക്കെ കേരളത്തിന്റെ കർമഭൂമികയുടെ ഭാഗമാണെന്ന വിശ്വാസം അനന്തസാധ്യതകളുടെ അപൂർവമേഖലകൾ തുറക്കുന്നു.

2017 ഡിസംബർ നാലിനു മുഖ്യമന്ത്രി പിണറായി വിജയൻ പ്രാരംഭനടപടികൾക്കു തുടക്കം കുറിച്ച Institute of advanced virology ഏഴാം കടലിനക്കരെ അമേരിക്കയിൽ പടർന്നു പന്തലിച്ച മലയാണ്മയിൽ നിന്ന് അടർന്നു വീണ ആശയമാണ്. Human T cell leukemia virus(HTLV) Human immunodeficien-cy virus (HIV) എന്നീ മാരക വൈറസുകൾ കണ്ടുപിടിച്ചതിലൂടെ ലോകപ്രശസ്തനായ ഡോ.റോബർട്ട് ചാൽസ് ഗാലോ 2011 ൽ Global virus network (GVN.ORG) എന്ന വിശ്രുത ശൃംഖലയ്ക്ക് രൂപം നൽകി. ഭൂഗോളത്തിനു ചുറ്റും 40 സ്ഥാപനങ്ങളെ ബന്ധിച്ചു നിലനിൽക്കുന്ന ഈ വൈറസ് ശാസ്ത്ര ശൃംഖലയിൽ ലോകത്തിലെ ഒന്നാംകിട വൈറോളജിസ്റ്റുകൾ പ്രവർത്തിക്കുന്നു. രാഷ്ട്രീയം വിയോജിപ്പിക്കുമ്പോൾ ശാസ്ത്രം സംയോജിപ്പിക്കുന്ന മനോഹരമായ ഈ പ്രതിഭാസത്തിൽ അമേരിക്കയ്ക്കും ഫ്രാൻസിനും ഇംഗ്ലണ്ടിനും ജർമനിക്കുമൊപ്പം റഷ്യയും ചൈനയും സജീവമായി സഹകരിക്കുന്നു. GVN വിഭാവനം ചെയ്യുന്ന രീതിയിലുള്ള ഒരു സമഗ്രകേന്ദ്രം ഇന്ത്യയിൽ ഇതുവരെ തുടങ്ങിയിട്ടില്ല. ലോകത്തെവിടെ വൈറസ് രോഗങ്ങൾ ആവിർഭവിച്ചാലും ദ്രുതഗതിയിൽ വിവരം പരസ്പരം കൈമാറാനും കൃത്യമായി വൈറസിനെ തിരിച്ചറിയാനും പ്രതിരോധിക്കാനും ചികിത്സാരീതികൾ നിർദേശിക്കാനും ഈ നെറ്റ്‌വർക്കിലെ അംഗങ്ങൾക്കു കഴിയും. പകർച്ചവ്യാധികൾക്കപ്പുറം കാൻസർ ഉൾപ്പെടെയുള്ള നിരവധി ഗുരുതര രോഗങ്ങളിൽ വൈറസുകൾ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നതായി ശാസ്ത്രം തിരിച്ചറിഞ്ഞിരിക്കുന്നു. മികച്ച ഗവേഷണപ്രവർത്തനങ്ങൾക്കു സാമ്പത്തികസഹായമെത്തിക്കാനും വൈറസ് രോഗങ്ങളുടെ പരിചരണത്തിനും പ്രത്യേക പരിശീലനം സിദ്ധിച്ച ക്ലിനിക്കൽ വൈറോളജിസ്റ്റുകളെ വാർത്തെടുക്കാനും ജി.വി.എൻ സെന്ററുകൾക്കു കഴിയും.



ഡോ.എം.വി.പിള്ള, ഡോ.എം.ജി.ശാർങ്ങധരൻ എന്നിവർ ഡോ.റോബർട്ട് സി. ഗാലോക്കൊപ്പം

ഡോ.ഗാലോയുടെ പതിറ്റാണ്ടുകൾ നീണ്ട ഗവേഷണ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ചതിൽ മുഖ്യപങ്ക് വഹിച്ചത് മലയാളിയായ ഡോ.എം.ജി.ശാർങ്ങധരൻ എന്ന കണ്ണൂർകാരനാണ്. പല അന്താരാഷ്ട്ര സമ്മേളനങ്ങളിലും ഡോ.ഗാലോ പരസ്യമായി





ഡോ.റോബർട്ട് സി. ഗാലോ

ഇക്കാര്യം അംഗീകരിക്കാറും സഹപ്രവർത്തകനെ അഭിനന്ദിക്കാറുമുണ്ട്. അടിസ്ഥാന ഗവേഷണങ്ങൾക്ക് ഡോ.ശാർങ്ങധരൻ നൽകിയ പിൻതുണയും സമീപകാലത്ത് ക്ലിനിക്കൽ വൈറോളജിയിൽ അദ്ദേഹത്തെ സഹായിക്കുന്ന ഡോ.ശ്യാമസുന്ദരനും ഡോ.ഗാലോയെ കേരളത്തിന്റെ അഭ്യുദയകാംഷിയാക്കിയതിൽ അതിശയമില്ല. മലയാളിയായ ഡോ.ശ്യാം സുന്ദരൻ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നും ബിരുദം നേടി അമേരിക്കയിൽ ഉന്നത പരിശീലനം കഴിഞ്ഞ വ്യക്തിയാണ്. തന്റെ ശാസ്ത്രനേട്ടങ്ങൾക്കു പിന്നിൽ കേരളീയരുടെ സംഭാവന നന്ദിപൂർവം അനുസ്മരിക്കാറുള്ള ഡോ.ഗാലോ സ്വാകാര്യസംഭാഷണങ്ങളിൽ ഇന്ത്യയിലെ ഏറ്റവും മികച്ച ബുദ്ധിശാലികൾ കേരളീയരാണെന്ന തമാശയായി പറയാറുണ്ടായിരുന്നു. രണ്ടുവർഷങ്ങൾക്കു മുൻപ് അദ്ദേഹം കേരളത്തിൽ വന്നിരുന്നു. തിരുവനന്തപുരത്തെയും കൊച്ചിയിലേയും യുവഡോക്ടർമാരുമായും ശാസ്ത്രഗവേഷകരുമായും ധാരാളം ചർച്ചകളിൽ പങ്കെടുത്തു. കേരളത്തെക്കുറിച്ചു തമാശയായി പറഞ്ഞിരുന്ന അഭിനന്ദനം ഗൗരവമായി സ്ഥിരീകരിച്ചാണ് അദ്ദേഹം മടങ്ങിയത്.

ജി.വി.എൻ ന്റെ പൂർണപിന്തുണയോടെ തോന്നയ്ക്കലിൽ ഉയരുന്ന Institute of advanced virology(IAV) നിലനിൽക്കുന്നതു കേരളത്തിലാണെങ്കിലും പൂർണവളർച്ചയെത്തുമ്പോൾ ഇന്ത്യയ്ക്കു മുഴുവനും വിശാലാർഥത്തിൽ ലോകത്തിനാകമാനവുമുള്ള വിശ്രുത സ്ഥാപനമായി തീരേണ്ടതാണ്. ഐ.എസ്. ആർ.ഒ ഭൗതികശാസ്ത്രത്തിൽ ഇന്ത്യയ്ക്ക് എന്താണോ അതായിരിക്കണം ജൈവശാസ്ത്രത്തിൽ ഐ.എ.വി.

ഇക്കാര്യങ്ങളിലെല്ലാം മലയാളത്തിലെ പ്രതിഭാധനരായ കവികളുടെ രചനകൾ നമ്മെ അത്ഭുതപ്പെടുത്തുന്നു. വിശ്വോത്ഭവസിദ്ധാന്തത്തിലൂന്നി പ്രപഞ്ചസത്യത്തെ വാഴ്ത്തുന്ന മതേതര പ്രാർഥനാഗീതം അരനൂറ്റാണ്ടിനു മുമ്പ് മലയാളത്തിനു പന്തളം കെ.പി.എന്ന കവി സമ്മാനിച്ചിരുന്നു. "അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കി അതിനുള്ളിലാനന്ദ ദീപം കൊളുത്തി, പരമാണുപ്പൊരുളിലും സ്ഫുരണമായ് മിന്നും പരമ പ്രകാശമേ ശരണം നീ നിത്യം..."

അത്യാധുനിക ടെലിസ്കോപ്പിലൂടെ ഐ.എസ്.ആർ.ഒ അഖിലാണ്ഡ മണ്ഡലത്തിലെ പരമപ്രകാശമായ സത്യം തിരയുമ്പോൾ ഏറ്റവും നവീനമായ ഇലക്ട്രോൺ മൈക്രോസ്കോപ്പിലൂടെ ഐ.എ.വി പരമാണുക്കളിലെ പൊരുൾ തേടാനുള്ള യത്നത്തിലാണ്.

തുമ്പയും(ഐ.എസ്.ആർ.ഒ) തോന്നയ്ക്കലും(ഐ.എ.വി) അറബിക്കടലിന്റെ തീരത്തു തന്നെ തോളുരുമ്മി നിൽക്കുന്നതിലും കാവ്യഭംഗി പകർന്നു തരുന്ന കാലിക സന്ദേശമുണ്ട്. വലിയ ആർഭാടത്തോടെയും ആഡംബരത്തോടെയും കേരളത്തിലാരംഭിക്കുന്ന സ്ഥാപനങ്ങൾ നിരന്തരം നവീകരിക്കുന്നതിൽ നാം പുലർത്തുന്ന അലംഭാവം ഒഴിവാക്കാൻ അറബിക്കടലിനെ തന്നെ മറ്റൊരു മഹാകവി ബിംബവത്കരിക്കുന്നു.

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും...
...ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികൾ പോലെ തവ ചാരു തൃപ്പാദങ്ങളിൽ
തുവെള്ളിചിലമ്പുകൾ ഇട്ടുവിക്കുന്നു തൃപ്തി
കൈവരാഞ്ഞഴിക്കുന്നു പിന്നെയും തുടരുന്നു...

കേരളത്തിന്റെ പാദങ്ങളിൽ വെള്ളിചിലമ്പുകൾ അണിയിക്കുന്ന അറബിക്കടലിലെ തിരമാലകൾ, ഓരോ ശ്രമത്തിനും പിന്നാലെ തൃപ്തി വരാതെ അവ അഴിക്കുന്നു, പിന്നെയും തുടരുന്നു...

ജി.വി.എൻ ഉൾപ്പെടെയുള്ള ആധുനിക ശാസ്ത്രീയ സ്ഥാപനങ്ങളുടെയും പ്രവർത്തിനരീതി അതു തന്നെ... Pursuit of excellence- perfection... പരിപൂർണതയ്ക്കായി മികവു തേടിയുള്ള നിരന്തര ഉദ്യമം.

മലയാളത്തിന്റെ മഹാകവി വള്ളത്തോൾ ഭാവനയിൽ കോറിയിട്ട ഈ ഉജ്ജ്വല സങ്കല്പം നമ്മുടെ അറബിക്കടലിന്റെ തീരത്തെ ഈ ശാസ്ത്രീയ സ്ഥാപനങ്ങൾ മാർഗരേഖയായി ഏറ്റെടുക്കട്ടെ.

(Global virus network (GNV)ന്റെ സീനിയർ ഉപദേഷ്ടാവും International network for cancer treatment and research(INCTR-USA)ന്റെ പ്രസിഡന്റും അമേരിക്കയിലെ തോമസ് ജെഫേഴ്സൻ യൂണിവേഴ്സിറ്റിയിലെ ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറും കൂടിയാണ് ലേഖകൻ.)